# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 മെയ് 30**

---

## ഓണേഴ്സ് ബിരുദം വിദ്യാർഥികളെ അറിവുത്പാദകരാക്കും - മന്ത്രി ഡോ. ആർ. ബിന്ദു

അറിവുകൾ സ്വീകരിക്കുന്നതിനപ്പുറം വിദ്യാർഥികളെ അറിവ് ഉത്പാദിപ്പിക്കുന്നവരാക്കി മാറ്റുന്ന സംവിധാനമാണ് ജൂലൈ ഒന്നിന് സംസ്ഥാനത്ത് ആരംഭിക്കുന്ന ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാലയിൽ ബിരുദ ഓണേഴ്സ് പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനു മുന്നോടിയായി അഫിലിയേറ്റഡ് കോളജുകളിലെ പ്രിൻസിപ്പൽമാരുമായും നോഡൽ ഓഫീസർമാരുമായും കോട്ടയം ബി.സി.എം കോളജിൽ സംവദിക്കുകയായിരുന്നു മന്ത്രി.

രാജ്യാന്തര തലത്തിലെ വിഖ്യാത സർവകലാശാലകളുടെ നിലവാരത്തിലേക്ക് കേരളത്തിലെ ബിരുദ പഠനത്തെ ഉയർത്തുന്നതിനു കൂടി ലക്ഷ്യമിട്ടാണ് പുതിയ പ്രോഗാമുകൾ നടപ്പാക്കുന്നത്. ഇതിനായി കോളജുകളിൽ വിദ്യാർഥി കേന്ദ്രീകൃത സംവിധാനം ഉറപ്പാക്കണം. വിദ്യാർഥികൾക്കു മുന്നിൽ അനവധി സാധ്യതകൾ അവതരിപ്പിച്ച് അവർക്ക് തിരഞ്ഞെടുപ്പിന് അവസരം നൽകുന്ന സംവിധാനം ഊർജ്ജിതമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് അധ്യാപകരുടെ പങ്ക് വലുതാണ്.

പഠനത്തിനൊപ്പം നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും അവ സംരംഭങ്ങളായി വളർത്തുന്നതിനും സഹായകമായ സാഹചര്യമുണ്ടാകണം. നൈപുണ്യ വികസനം ഉറപ്പാക്കുന്ന പ്രവർത്തനങ്ങളിൽ സർക്കാർ എം പാനൽ ചെയ്ത ഏജൻസികളുടെ സേവനം കോളജുകൾക്ക് ലഭിക്കും. ആദ്യ ഘട്ടത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടായാൽ പരിഹരിക്കുന്നതിന് സർവകലാശാലാ തലത്തിലും കോളജ് തലത്തിലും സംവിധാനം വേണം. അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് ക്രമീകരണം സുഗമമാക്കുന്നതിന് ഏകീകൃത സോഫ്റ്റ്‌വെയർ ഏർപ്പെടുത്തും.

നാലാം വർഷം പൂർത്തിയാക്കി ബിരുദാനന്തര ബിരുദ കോഴ്സിന് പോകുന്ന വിദ്യാർഥികൾക്ക് ഒരു വർഷം നഷ്ടമാകാത്ത രീതിയിലായിരിക്കും ക്രമീകരണം. പുതിയ സംവിധാനത്തിൽ അധ്യാപകർക്ക് തൊഴിൽ പരമായ പ്രതിസന്ധിയുണ്ടാകുമെന്ന ആശങ്ക വേണ്ട. പുതിയ കോഴ്സുകൾ അവതരിപ്പിക്കുന്നതിനുൾപ്പെടെയുള്ള സാധ്യതകളാണ് ഭാഷാ അധ്യാപകർ ഉൾപ്പെടെയുള്ളവർക്ക് ലഭിക്കുന്നത്-മന്ത്രി വ്യക്തമാക്കി.

സർവകലാശാല സംഘടിപ്പിച്ച പരിപാടിയിൽ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ഡോ. ബീന മാത്യു അധ്യക്ഷത വഹിച്ചു. ബിരുദ ഓണേഴ്സ്

പ്രോഗ്രാമുകളുടെ നിർവഹണ കമ്മിറ്റിയുടെ കൺവീനറായ സിൻഡിക്കേറ്റ് അംഗം ഡോ. ബിജു പുഷ്പൻ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട സർവകലാശാലയിലെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ, കെ. ഹരികൃഷ്ണൻ, ഡോ. എസ്. ഷാജില ബീവി, രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ബി.സി.എം. കോളജ് പ്രിൻസിപ്പൽ ഡോ. സ്റ്റെഫി തോമസ് എന്നിവർ സംസാരിച്ചു.

കേരള ഉന്നത വിദ്യാഭ്യാസ പരിഷ്കരണ നിർവഹണ സെല്ലിലെ റിസർച്ച് ഓഫീസർമാരായ ഡോ. കെ. സുധീന്ദ്രൻ, ഡോ. വി. ഷഫീഖ് എന്നിവർ ക്ലാസെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ...**
നാലു വർഷ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾ തുടങ്ങുന്നതിനു മുന്നോടിയായി കോട്ടയം ബി.സി.എം കോളജിൽ എം.ജി സർവകലാശാല സംഘടിപ്പിച്ച അഫിലിയേറ്റഡ് കോളജുകളിലെ പ്രിൻസിപ്പൽമാരുടെയും നോഡൽ ഓഫീസർമാരുടെയും യോഗത്തിൽ ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു സംസാരിക്കുന്നു. ഡോ. സ്റ്റെഫി തോമസ്, ഡോ. സി.എം. ശ്രീജിത്ത്, ഡോ. എസ്. ഷാജില ബീവി, ഡോ. ബിജു പുഷ്പൻ, ഡോ. ബീന മാത്യു, അഡ്വ. റെജി സക്കറിയ, ഡോ. കെ. ജയചന്ദ്രൻ, ഡോ. കെ. സുധീന്ദ്രൻ, ഡോ.വി. ഷഫീഖ്, കെ. ഹരികൃഷ്ണൻ എന്നിവർ സമീപം.

(പി.ആർ.ഒ/39/415/2024)

## എം.ജി ഓണേഴ്സ് ബിരുദ,ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകളിൽ പ്രവേശനം; ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ ഏഴു വരെ

എം.ജി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ, ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകളിലും സർവകലാശാല പഠന വകുപ്പുകളിലെ 4+1 ഓണേഴ്സ് പ്രോഗ്രാമുകളിലും ഏകജാലക പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ ഏഴു വരെ നടത്താം. സാധ്യതാ അലോട്ട്മെൻറ് ജൂൺ 12നും ഒന്നാം അലോട്ട്മെൻറ് ജൂൺ 18നും പ്രസിദ്ധീകരിക്കും.

സ്പോർട്ട്സ്, കൾച്ചറൽ, ഭിന്നശേഷി ക്വാട്ടാകളിലേക്കും ജൂൺ ഏഴു വരെ അപേക്ഷിക്കാം. ഈ വിഭാഗത്തിൽ താത്കാലിക റാങ്ക് ലിസ്റ്റ് ജൂൺ 11നും അന്തിമ റാങ്ക് ലിസ്റ്റ് ജൂൺ 13നും പ്രസിദ്ധീകരിക്കും. സ്പോർട്ട്സ്, കൾച്ചറൽ, വികലാംഗ ക്വാട്ടകളിലേയ്ക്കുള്ള പ്രവേശനം ജൂൺ 13,14 തീയതികളിൽ അതത് കോളജുകളിൽ നടക്കും.

(പി.ആർ.ഒ/39/416/2024)

## സിവിൽ സർവീസ് പരീക്ഷാ പരിശീലനം; സ്പോട്ട് അഡ്മിഷൻ

എം.ജി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ജൂണിൽ ആരംഭിക്കുന്ന പ്രിലിംസ് കം മെയിൻസ് പരിശീലന പ്രോഗ്രാമുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.
താൽപര്യമുള്ളവർ ജൂൺ ഒന്നു മുതൽ ഏഴു വരെ നടക്കുന്ന സ്പോട്ട് അഡ്മിഷനിൽ നേരിട്ട് ഹാജരാകണം. ഫോൺ- 9188374553.

(പി.ആർ.ഒ/39/417/2024)

## സർവകലാശാല കാന്റീൻ; ക്വട്ടേഷൻ ക്ഷണിച്ചു

എം.ജി സർവകലാശാലയിലെ പ്രധാന കാന്റീൻ നടത്തിപ്പിന് കരാർ അടിസ്ഥാനത്തിൽ പരിചയസമ്പന്നരിൽനിന്ന് മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു. കരാർ നിബന്ധനകളും വ്യവസ്ഥകളും ക്വട്ടേഷൻ ഫോറവും സർവകലാശാലയിലെ എഡിബി 1 സെക്ഷനിൽ നിന്നും നേരിട്ടും സർവകലാശാല വെബ്സൈറ്റിലും (www.mgu.ac.in) ലഭിക്കും.

സീൽ ചെയ്ത ക്വട്ടേഷനുകൾ രജിസ്ട്രാർ, മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ്, കോട്ടയം - 686 560 എന്ന വിലാസത്തിൽ ജൂൺ 18ന് ഉച്ചകഴിഞ്ഞ് മൂന്നിനകം ലഭിക്കത്തക്ക വിധം അയയ്ക്കണം. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ. ഫോൺ: 9747772069.

(പി.ആർ.ഒ/39/418/2024)

## പരീക്ഷാ തീയതി

നാലാം സെമസ്റ്റർ എംബിഎ(2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷൻ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ 10ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/419/2024)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി ഇൻ ബേസിക് സയൻസസ് - (കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്), ഇന്റഗ്രേറ്റഡ് എംഎസ്സി ഇൻ കമ്പ്യൂട്ടർ സയൻസ് - ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻറ് മെഷീൻ ലേണിംഗ്, ഇന്റഗ്രേറ്റഡ് എംഎ ഇൻ ലാംഗ്വേജ് - ഇംഗ്ലീഷ് (പുതിയ സ്കീം - 2020 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ജൂൺ 19ന് ആരംഭിക്കും.

ജൂൺ മൂന്നു വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ജൂൺ അഞ്ചു വരെ ഫൈനോടു കൂടിയും ജൂൺ ഏഴു വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/420/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**